# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1183 08.02.2013ൽ മറുപടിയ്ക്ക്

### സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന നിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന നിലവാരം ശരാശരിയിലും താഴ്ന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (ബി) & (സി) | ഇത് സംബന്ധിച്ച് പഠനം നടത്തുന്നതിന് സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. 25 ൽ താഴെ വിജയശതമാനമുള്ള കോളേജുകളുടെ അംഗീകാരം റദ്ദാക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. വിജയശതമാനം ഉയർത്തുന്നതിനായി പ്രസ്തുത കോളേജുകൾക്ക് ഒരു വർഷത്തെ സമയം അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള കോളേജുകൾക്ക് അവയുടെ നിലവാരം മെച്ചപ്പെടുത്തുവാൻ വേണ്ട കർശന നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. |
| (സി) | ഇല്ലെങ്കിൽ ഒരു ഏജൻസിയെ അതിനായി ചുമതലപ്പെടുത്തുന്നതിനും 25 ൽ താഴെ വിജയശതമാനമുള്ള കോളേജുകളുടെ അംഗീകാരം റദ്ദാക്കുന്ന കാര്യവും പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ